
# മൊഴി

## ഡിജിറ്റൽമാഗസിൻ

### ലിറ്റിൽകൈറ്റ്സ് 2021-24

## ജി വി എച്ച് എസ് എസ്

## ഞെക്കാട്



ജി




# സമർപ്പണം

**"അറിവിന്റെ പാതയിലേക്ക് കൈപിടിച്ചു നടത്തിയ എല്ലാ ഗുരു സ്ഥാനിയർക്കും സമർപ്പിക്കുന്നു"**


Little kites
2021-24 Batch

ആശംസകളോടെ ............



ഞെക്കാട് സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് (21 - 24) "മൊഴി" എന്ന പേരിൽ ഡിജിറ്റൽ മാഗസീൻ പ്രസിദ്ധീകരിക്കുന്ന കുട്ടികളുടെ തനതായ സർഗാത്മക സൃഷ്ടികൾ പ്രസിദ്ധീകരിക്കുന്നത് അഭിനന്ദനാർഹം. അതിൽ കാലഘട്ടത്തിന്റെ അനിവാര്യതയായ ഡിജിറ്റൽ സാങ്കേതികവിദ്യ കൂടി ഉപയോഗപ്പെടുത്തി ഡിജിറ്റൽ മാഗസീനായി പുറത്തിക്കുമ്പോൾ അതിന്റെ മാറ്റ് കൂടുന്നു.ഈ ആശയം യാഥാർത്ഥ്യമാക്കുന്ന വിദ്യാർത്ഥികൾക്കും പ്രേരകരാകുന്ന അധ്യാപകർക്കും അഭിനന്ദനങ്ങൾ.

മൊഴിക്ക് ആത്മാർത്ഥമായ ആശംസകൾ നേരുന്നു.

കെ കെ സജീവ്
പ്രിൻസിപ്പൽ

## ആശംസകളോടെ....



പ്രഥമാദ്ധ്യാപകൻ

ഞെക്കാട് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിലെ 9 ക്ലാസ്സ് ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഒരു ഡിജിറ്റൽ മാഗസിൻ ചെയ്യുന്നു എന്നറിഞ്ഞതിൽ സന്തോഷം . ഈ നവയുഗകാലഘട്ടത്തിൽ ഡിജിറ്റിൽ മാഗസിന്റെ സാദ്ധ്യതകൾ കണ്ടറിഞ്ഞ് ഇങ്ങനെ ഒരു ഉദ്യമത്തിന് മുൻ കൈയെടുത്ത ലിറ്റിൽ കൈറ്റ്സിലെ കൊച്ചുകൂട്ടുകാർക്ക് എന്റെ അഭിനന്ദനങ്ങൾ ......

സന്തോഷ് എൻ

# മൊഴി

## ഡിജിറ്റൽ മാഗസിൻ

ലിറ്റിൽ കൈറ്റ്സ് 2021-24

## ജി.വി.എച്ച്.എസ്.എസ്.ഞെക്കാട്

വാക്കിന്റെ ശക്തി വർണ്ണനാതീതമാണ്.
'വാക്കിനോളം തൂക്കമില്ലീയൂ-
ക്കൻ ഭൂമിക്ക് പോലുമേ '-
എന്ന് കുഞ്ഞുണ്ണിമാഷ് പാടിയതും
വാക്കിന്റെ ചൈതന്യം തിരിച്ചറിഞ്ഞതുകൊണ്ടാണ്.
ഒരു ഇടവേളയ്ക്ക് ശേഷം നമ്മൾ കുട്ടികൾ എല്ലാവരും
വിദ്യാലയമുറ്റത്ത് ഒരുമിച്ച് കൂടിയിരിക്കുകയാണ്.
പറയാനും കേൾക്കാനും ഒരുപാട് വിശേഷങ്ങൾ ഉണ്ട്.
താളുകളിൽ അക്ഷരങ്ങളായി പകർന്ന് അവ നമുക്ക്
വായിക്കാം. കഥയായുംകവിതയായും ചിത്രങ്ങളായും
പ്രിയക്കൂട്ടുകാർ വിശേഷങ്ങൾ പങ്കുവെക്കുകയാണ്. ഇത്
പുസ്തകത്താളുകളല്ല; മായികമായ ഡിജിറ്റൽ താളുകളാണ്
.വിരൽ തുമ്പിൽ നിന്നും വാർന്നുവീഴുന്ന അക്ഷരങ്ങളുടെയും
വർണ്ണങ്ങളുടേയും ലോകമാണ്. നമുക്ക്
വായിക്കാം...കൈകോർക്കാം......

മാഗസിൻ എഡിറ്റർ
**ദേവദത്തൻ ബി**

# മൊഴി

## ലിറ്റിൽ കൈറ്റ്സ്

2021-2024

**സ്റ്റുഡന്റ് മാഗസിൻ എഡിറ്റർ-**

- ദേവദത്തൻ.ബി

**സബ് എഡിറ്റർമാർ -**

- വർഷ.ജെ
- ശ്രേയസ്.എസ്
- ജിൻഷാ.എൻ
- ആദിത്യൻ എസ്
- ദേവനന്ദ. വി ആർ

**മലയാളം കമ്പ്യൂട്ടിങ്-**

- സഹദ് എസ്

- ആദിശങ്കർ
- ആവണി എസ്
- നസ്മിൻ നിയാസി
- ദേവു എസ് ബി
- കാർത്തിക് അരുൺ
- ഹരികൃഷ്ണൻ. എസ്
- വൈഗാനാഥ് .എസ്

## ചിത്രങ്ങൾ

- രുദ്രരതിഷ്
- ഭരത് ബിനു
- ഷിനോവ് സുനിൽ
- സജിന എസ്
- എബിൻ ബിനു
- സുരജ് . എസ്

## കവർ പേജ്

- _പാർവതി എസ്

## പേജ് ലേഔട്ട്& ഡിസൈനിംഗ്

- അദ്വൈത് അർ കുറുപ്പ്
- ആവണി എസ്
- നിതിൻ സുരേഷ്
- അഭിജിത്ത്എസ് എസ്
- അൻസിൽ എസ്
- സംഗീത എസ്
- ആദിത്യ എ എസ്
- സിജിൻ എസ്
- ദേവനന്ദ എം
- അർച്ചിത എസ്
- ആഷിക് ദിവാൻ

## കടപ്പാട്

**രജനി എസ് ലിറ്റിൽ കൈറ്റ്സ് കൺവീനർ**

**സഫീന എ ലിറ്റിൽ കൈറ്റ്സ് കൺവീനർ**

**സലീന എം SITC**

**ജോസ് ജി.വി IT Cordinator**

# ഉള്ളടക്കം


01 മരവിച്ച വികാരം കവിത ദേവദത്ത എസ്സ്

02 വിശപ്പിന്റെ വില കഥ ശ്രീയഗൗരി പി എ

03 ഇരുട്ടിലെ നറുങ്ങുവെട്ടം കവിത സ്നേഹലക്ഷ്മി എസ്സ്

04.അതിജീവനത്തിനൊടുവിൽ കഥ റോസ് രാജു

05.ഡാൻഡലൈൻ പാടത്തിലെ നന്മകൾ കവിത ശ്രീനന്ദ

06.അതിജീവനം കഥ ഭദ്ര കൃഷ്ണ

07.തിരികെ വരുമോ ? കവിത ഗായത്രി എം

08.വിദ്യാർത്ഥികളും ലഹരിയും ലേഖനം രസിക

09.മാപ്പ് തന്നീടുക കവിത നിധി

10.മഴ കവിത നസ്റിൻ പെയ്സ്

11.കാർഷികച്ചൊല്ലുകൾ അഞ്ജന ആർ എസ്സ്

12.കാലത്തിന്റെ അതിജീവനം ,നമ്മുടെയും കഥ നിധി ആർ എസ്സ്

13.വിശപ്പ് കവിത ശിവകൃഷ്ണ എസ്സ്

14.വീണ്ടും നല്ല നാളേയ്ക്കായി കവിത പൂജ എസ്സ്

15.ലഹരിയിൽ നിന്നും അകലൂ ലേഖനം ശിവ വി

16.കേരളവും അതിജീവനവും ലേഖനം മർവ്വഫാത്തിമ

17.ലൈഫ് ഓഫ് റിയ കഥ ശ്രീനന്ദ എസ്സ്

18.തുടിക്കുന്ന നന്മ തിന്മയിലേക്കുള്ള കാൽ വെയ്പ്പോ ? കവിത

# മരവിച്ച വികാരം

ദേവദത്ത.എസ്
10.F

**നി**റങ്ങളില്ലാത്ത പ്രപഞ്ചത്തിന്റെ
കൊമ്പല്ലിൽ അമർന്ന്നിന്നത്
കണ്ണുനീരിന്റെ ഗന്ധമുള്ള
ഒരു തുള്ളി രക്തം മാത്രം
മരവിച്ച പോയ വികാരങ്ങളുടെ
ശവദാഹം പോലെ.

വഴി നീങ്ങാതെ നിൽക്കുന്ന
സന്ധ്യയുടെ ചുവന്ന മുഖത്തിനും
വിശപ്പിന്റെ ,വേദനയുടെ
പറഞ്ഞു കേട്ടിട്ടില്ലാത്ത
ഒരുപാട് കഥകൾ പറയാനുണ്ടായിരുന്നു.

താൻ തീർത്ത വഴികളിൽ
താൻ പറഞ്ഞ വാക്കുകളിൽ,
താൻ തെളിച്ച മനസ്സുകളിൽ
കുപ്പിചില്ലുകൾ ഉടഞ്ഞു വീണവെന്ന്

ഊന്നു വടിയുടെ ബലത്തിൽ നിന്ന
ആ പച്ച മനുഷ്യനും വേദനയോടെ തിരിച്ചറിഞ്ഞു
കടലിൽ തിരമാലകൾ ആഞ്ഞു വീശുന്നത്
കാലത്തിന്റെ പ്രലോഭനത്താലാകും.
ഒരു ഗ്ലാസ് പാലിൽ വീണ
ഒരു ചെറിയ കറുത്ത പൊടി
വേഗം പ്രീതി പിടിച്ചു പറ്റി.
നന്മയെന്ന വികരത്തിലും
ഒരു ചെറിയ പൊടി വന്ന് വീണു
അവൾ മരവിച്ചു..
അവൾ വിരൂപയായി.....
ലോകത്തിലെ സുന്ദരവും മനോഹരവുമായ
കാര്യങ്ങൾ ഹൃദയം കൊണ്ട് അനുഭവിക്കണം.
ഹൃദയമില്ലാത്തവരുടെ പാഴ് ചിന്തകൾ
വീളയാടുന്ന ലോകത്ത്
വർണ്ണമില്ലാത്ത നന്മയ്ക്ക്
എന്ത് സ്ഥാനം........

# വിശപ്പിന്റെ വില

(കഥ)

-ശ്രീയാഗൗരി.പി.എ

8L

അന്ന് നേരംവെളുക്കുന്നതിന് മുമ്പേ അവൻ ഉണർന്നു.കാരണം ,അവൻ ആ രാത്രി ഉറങ്ങിയില്ല. വിശപ്പ് അവനെ ഉറങ്ങാൻ സമ്മതിച്ചില്ല .അച്ഛൻ പോയശേഷം അവന്റെ മിക്ക രാത്രികളും ഇങ്ങനെയായിരുന്നു.മൂന്നനിയത്തിമാരെയും അവനെയും ചേർത്തു പ്പിടിച്ച് അവന്റെ അമ്മ പല ദിവസങ്ങളിലും ഉണർന്നിരുന്നു. ഒരു മഴ പെയ്താൽ ആ കുടിലിൽ വെള്ളം കയറും.അമ്മ കൂലിപ്പണിചെയ്തു കൊണ്ടുവരുന്ന പണം മുഴുവനായി വിശപ്പടക്കാൻ സമ്മതിച്ചിരുന്നില്ല. അവൻ 10-ാം ക്ലാസ്സ്

കഴിയാൻ കാത്തിരിക്കുകയാണ് . അമ്മയുടെ കൂടെ പണിക്കിറങ്ങാൻ .എന്നാൽ

മകൻ നല്ലതുപ്പോലെ പഠിക്കണം എന്ന ചിന്തമാത്രമേ അമ്മയക്കുണ്ടായിരുന്നുള്ളു . അതിനുവേണ്ടി ആ അമ്മ കഷ്ടപ്പെട്ടുന്നു. അവൻ സ്കൂളി ൽ മിക്കപ്പോഴും പോകാൻ കൂട്ടാക്കിയില്ല. വീട്ടിലെ ബുദ്ധിമുട്ടുകൾ അവനെ വേദനപ്പിച്ചു.

സ്കൂളിൽ അവനൊരു സുഹൃത്തുണ്ടായീരുന്നു, അപ്പുവിന്റെ മാത്രം ഉണ്ണി . ഉണ്ണി അപ്പുവിന്റെ വിശപ്പകറ്റാൻ ഒരുപാട് ത്യാഗങ്ങൽ ചെയ്തു. ഉച്ചക്ക് അപ്പു ഒന്നും കഴിക്കാതെ ഇരിക്കുമ്പോൾ അവനവന്റെ ചോറു പാത്രം പങ്കിടും. അപ്പുവിന് അവനായിരുന്നു ഏക ആശ്വാസം.

ചിമ്മിനിവെട്ടത്തിരുന്നു പഠിക്കുമ്പോൾ അവന്റെ ചിന്ത ഭാവിയെ പറ്റിയായിരുന്നു. അമ്മയെ കുറച്ചുനാളെങ്കിലും ജോലിക്ക് വിടാതിരിക്കാൻ എന്തു ചെയും എന്നു അവൻ ആലോചിച്ചു .ഒരു മാർഗം മാത്രം പഠിക്കുക.അവന്റെ അമ്മയെയും

അനിയത്തിമാരെയും സുരക്ഷിതമാക്കാൻ അവന് നല്ല ഒരു ജോലി വാങ്ങണം.

വർഷങ്ങൾ കടന്നു . 10-ാം ക്ലാസ് മിടുക്കനായി പഠിച്ചു.അവൻ അഗ്രഹത്തിന്റെ ,സ്വപ്നത്തിന്റെ അടുത്തെത്തി. ഇപ്പോൾ ഉണ്ണി എവിടെയാണ് എന്റെ പ്രിയ സുഹൃത്ത് ? പത്താംക്ലാസ് കഴിഞ്ഞ് ഉയർന്ന പഠനത്തിനായി എന്നെ വിട്ടുപിരിഞ്ഞിട്ട് ഒമ്പത് വർഷമായി .ഞാൻ പഠിച്ച നല്ലനിലയിലെത്തണമെന്ന് അഗ്രഹിച്ചത് അവനാണ് .

അപ്പു എന്നും വഴിയോരങ്ങളിലെ എല്ലാപാവപ്പെട്ടവർക്കും ആഹാരം വാങ്ങി കൊടുക്കും . പാവപ്പെട്ടവരെ എന്നും സഹായിക്കും. കാരണം വിശപ്പിന്റെ കാഠിന്യം അറിഞ്ഞിട്ടുള്ളവനേ അതിന്റെ വില അറിയാവൂ ....

ഒരു ദിവസം അവനൊരു കത്ത് വന്നു . അവൻ മേൽ വിലാസം നോക്കി സന്തോഷത്തോടെ തുറന്നു . ആ വാക്കുകൾ

വായിക്കുമ്പോൾ തന്റെ ഓർമ്മയിലെ ദൈവത്തെ അവനോർത്തു....

നിന്റെ മനസ്സ് വലുതാണ്.......

നീ നിന്റെ സ്വപ്നം നിറവേറ്റി ,നിന്റെ അമ്മയെയും അനിയത്തിമാരെയും സംരക്ഷിക്കുന്നു. ഞാൻ എന്നും നിന്നെ കാണാറുണ്ട് . നിന്നെ നിരീക്ഷിക്കാറുമുണ്ട് .പാവങ്ങളെ സഹായിക്കുന്ന , അവരുടെ വിശപ്പ് മാറ്റുന്ന നിന്നെ കൈകൂപ്പി വണങ്ങാറുണ്ട് ."

എന്ന് സ്വന്തം

അപ്പുവിന്റെ മാത്രം ഉണ്ണി ....

അപ്പുവിന്റെ കണ്ണീർതുള്ളികൾ വീണ് കത്ത് നനഞ്ഞു. എന്റെ കൂട്ടുകാരൻ എന്നെ മറന്നിട്ടില്ല . ഞാൻ ഇനി അവനെ കാണാൻ പോകുന്നുണ്ട് . എന്റെ വിശപ്പ് മാറ്റിയ ദൈവത്തെ കാണാൻ


ഗുണപാഠം ; സഹജീവികളോട് സ്നേഹം ,കരുണ, ദയ ,

എന്നിവ കാട്ടുക

ജി വി എച്ച് എസ് എസ് ഞെക്കാട്

കവിത

# ഇരുട്ടിലെ നുറുങ്ങു വെട്ടം



സ്നേഹലക്ഷ്മി

9G

നന്മയെന്ന വാക്കിനർത്ഥം അറിയാത്തവരുണ്ട്

ഇന്നീ ലോകത്ത്  അവർക്കിടയിലുണ്ടെന്നറിയാവുന്ന

ചിലരും.

ഇരുട്ടിൻ ലോകത്ത് വെളിച്ചമായി

കടന്നുവരുന്ന നന്മ.

മനസ്സിൻെ ഇരുട്ടിൽ നിന്നും

പുനർജനിക്കുന്ന നന്മ.

ദൈവത്തിൻെ സ്വന്തം നാട്ടിലുമുണ്ട്

വെളിച്ചമുള്ള ചിലർ.
പ്രളയകാലത്ത് നാമതിന്
ദൃക്സാക്ഷി യായവരാണ്
പാൽനിലാവ് ഒഴുകുന്ന രാത്രിയിൽ
താരകങ്ങൾ വെളിച്ചം പകരും
പോലെ ചിലരുടെ ഇരുട്ടാകുന്ന മനസ്സിൽ
നന്മ വളർന്നേക്കാം.
അനാഥയാം പെൺകൊടിക്കായി
സമ്മാനങ്ങൾ ഏകും മനുഷ്യരെ
നാം കണ്ടു.
ദരിദ്രനാം ബാലനെ സഹായിക്കും
മനുഷ്യരേയും നാം കണ്ടു.
സഹജീവികളെ പരിപാലിക്കും,
വളർത്തും,സ്നേഹിക്കും,മനുഷ്യന്
മാത്രമേ ജീവിതം വിജയം കൈവരിക്കാൻസാധിക്കൂ.
നന്മയാം വിത്തുമുളച്ചു വളരുന്ന വൃക്ഷം
എന്നും ഇവിടെ നിലനിൽക്കും.
അതിനെ നശിപ്പിക്കാനും
പരിപാലിക്കാനും ചിലർ.

**ജി വി എച്ച് എസ് എസ് ഞെക്കാട്**

ഗാന്ധികടപ്പാട്  തൻ വാക്കുകൾ നാം

എന്നും ഓർക്കണം, വാഴ്ത്തണം,

സ്വായത്തമാക്കണം.

നന്മതൻ ബലം നാമറിയണമെങ്കിൽ

തിന്മയെ തോൽപ്പിക്കണം.

ലോകത്തിലെ കൂരിരുട്ടിൽ ഒരു

ചെറുവെട്ടം പടർത്താൻ കഴിഞ്ഞാൽ,

സാവധാനമത് കത്തിയെരിയും

ജ്വാലയാകും.

നന്മതൻ വെളിച്ചം പകർത്താം

ജീവിതം ധന്യമാക്കാം.......!

മനസ്സിൽ വെളിച്ചം പകർത്താം.....

# അതിജീവനത്തിനൊടുവിൽ

ഒരു ഉൾഗ്രാമത്തിൽ നിന്നും വരുന്ന കുട്ടിയാണ് ചാൻ. അവൻ വളരെ കഷ്ടപ്പെട്ടായിരുന്നു പഠിക്കുന്നത്. ആ ഗ്രാമത്തിൽ ഒരേ ഒരു വലിയ വീടായിട്ടും, പണക്കാരായിട്ടും ഒരു കുടുംബം താമസിക്കുന്നുണ്ടായിരുന്നു. അത് ചാനിന്റെ വീടിനോട് ചേർന്നായിരുന്നു. അതായത് അവർ അയൽവാസികളായിരുന്നു. അവർക്ക്, അതായത് ചാനിന്റെ സഹപാഠിയായ രാഹുലിന്റെ വീട്ടിലെ കുടുംബാംഗങ്ങൾക്ക് അതിന്റേതായ ഒരു അഹങ്കാരവും ഇല്ലായിരുന്നു. ചാനിന് വീട്ടിലെ അവസ്ഥ വളരെ ദയനീയമായിരുന്നു. കാരണം ഒരു നേരത്തെ ആഹാരമോ, വസ്ത്രങ്ങളോ, വെളിച്ചമോ ഒന്നും തന്നെ അവനില്ലായിരുന്നു. എന്നിട്ടും തന്റെ ബുദ്ധിമുട്ടുകൾ

മറച്ച് കൊണ്ട് ചിരിച്ച് കൊണ്ടായിരുന്നു അവൻ സ്കൂളിൽ പോയിരുന്നത്.അവന്റെ സഹപാഠിയും അയൽവാസിയും ആയ രാഹുലിന് ചാനിനെ ഒട്ടും തന്നെ ഇഷ്ടമല്ലായിരുന്നു.ക്ലാസ്സിൽ ഇരിക്കുമ്പോൾ തന്നെ അകലം പാലിച്ചുകൊണ്ട് അവനെ എല്ലാത്തിൽ നിന്നും അകറ്റി നിർത്തുമായിരുന്നു.കൂടാതെ മുഷിഞ്ഞ വസ്ത്രങ്ങൾ ഉള്ളവനെന്നും, ചെരുപ്പുകൾ ഇല്ലാത്തവനെന്നും,മറ്റുമൊക്കെ പറഞ്ഞ് എപ്പോഴും രാഹുൽ ചാനിനെ കളിയാക്കുമായിരുന്നു.

എങ്കിലും ചാനിന് മറ്റ് എല്ലാ കുട്ടികളേക്കാളും ഇഷ്ടം രാഹുലിനെ ആയിരുന്നു. അവനോട് സംസാരിക്കാനും സൗഹൃദം കൂടാനും ചാൻ വളരെ അധികം ആഗ്രഹം പ്രകടിപ്പിച്ചിരുന്നു.എന്നാൽ രാഹുൽ ഇതൊന്നും കണ്ട ഭാവം നടിക്കുകയോ,സുഹൃത്തായി കാണുകയോ ചെയ്യാതെ അകറ്റി നിർത്തുകയും പരിഹാസ വാക്കുകൾ കൊണ്ട്

മറ്റുള്ളവരുടെ മുന്നിൽ വച്ച് അപമാനിക്കുകയും ചെയ്തുകൊണ്ടുതന്നെയിരുന്നു.


ഓരോ രാത്രിയിലും ചാൻ അത്താഴപട്ടിണി ആയിരിക്കുമ്പോൾ രാഹുലിന്റെ അമ്മ അവരുടെ വീട്ടിൽ നിന്നും ഭക്ഷണവുമായി ചാനി ന്റെ വീട്ടിൽ ദൈവം അയച്ച മാലാഖ എന്ന പോലെ എത്തുമായിരുന്നു. കൂടാതെ വസ്ത്രങ്ങൾ പലതും കൊടുക്കുമായിരുന്നു. ചാനിന്റെ വീട്ടിൽ വെളിച്ചം ഇല്ലാത്തതുകൊണ്ട് ചാൻ തന്റെ വീടിനു പുറത്ത് വന്നിരിക്കുമായിരുന്നു. കാരണം രാഹുലിന്റെ വീടിനു മുറ്റത്തെ ബൾബിന്റെ പ്രകാശം അവിടെയെങ്ങും പരക്കുമായിരുന്നു. ആ വെളിച്ചമാണ് ചാനിനെ രാത്രിയിൽ പഠിക്കാൻ സഹായിച്ചത്.

ഒരു ദിവസം സ്കൂളിൽ ടീച്ചർ നിങ്ങളുടെ പ്രിയ സുഹൃത്തുക്കളുടെ പേര് പറയാൻ പറഞ്ഞു. പലരും പല പേരുകൾ പറഞ്ഞു. അതുപോലെതന്നെ രാഹുലും. എന്നാൽ രാഹുലിന്റെ

പേര് ആരും തന്നെ പറഞ്ഞില്ല. എന്നാൽ ചാൻ മാത്രമായിരുന്നു "രാഹുലാണെന്റെ പ്രിയ സുഹൃത്തെന്ന് പറഞ്ഞത്." ഇതു കേട്ട രാഹുൽ ആശ്ചര്യത്തോടെ നോക്കി നിന്നു. അധ്യാപിക ക്ലാസിൽ നിന്നും പോയ ശേഷം രാഹുൽ ചാനോട് ചോദിച്ചു നീയെന്തിനാണ് എന്റെ പേര് പറഞ്ഞത്? എനിക്ക് നിന്റെ പ്രിയ സുഹൃത്താകാൻ യോഗ്യതയില്ലല്ലോ എന്ന്. എന്നാൽ ചാൻ ഒന്നും പറയാതെ കണ്ണുകൾ നിറഞ്ഞു കൊണ്ടു അവൻ അവിടെനിന്നും മടങ്ങി. വർഷങ്ങൾ കഴിഞ്ഞു. ചാനും രാഹുലും പല സ്കൂളുകളിലായി മാറി. ചാൻ തന്റെ വീട്ടിലെ പ്രശ്നങ്ങളും ദുഃഖങ്ങളും അമ്മയില്ലാത്തതിന്റെ വിഷമങ്ങളും മൊക്കെ മാറ്റിവച്ച് പഠിച്ചു. വൈകാതെ അവൻ വളർന്നു. അവന്റെ ആഗ്രഹം പോലെ ഒരു ജോലി നേടി.

രാഹുലും ഇതേ പോലെ വളർന്ന് നല്ല ജോലി നേടി. വൈകാതെ തന്നെ രാഹുലിന് കരളിന് അസുഖം ബാധിച്ച്ആശുപത്രിയിലായ

സമയം,രാഹുൽ വേദനകൾ അനുഭവിക്കുന്ന സമയം,തനിക്ക് കരൾ ദാനം ചെയ്യാനായി ആരും വരാത്ത ആ സമയത്ത് തനിക്ക് തുണയായി റാം എന്ന വ്യക്തി തന്റെ കരൾ തരാമെന്ന ഉറപ്പുമായി എത്തുന്നു. അങ്ങനെ വീണ്ടും രാഹുൽ ആരോഗ്യവാനായി തിരിച്ചെത്തുന്നു.എന്നിട്ട് റാം ആരാണെന്ന് അന്വേഷിക്കുന്നു.അന്വേഷണത്തിനൊടുവിൽ റാം ആരാണെന്ന സത്യം മനസ്സിലാക്കുന്നു.അത് ചാൻ ആയിരുന്നു..........



# ഡാൻഡലൈൻ പാടത്തിലെ നന്മകൾ

കവിത

ശ്രീനന്ദ 9H

ഈ വഴിയാണ് നീ എൻ നാമം ചൊല്ലുന്നത്പക്ഷെ അത്

വളരെ നന്മയുള്ളതാണ് ......

എനിക്കൊരുപാടിഷ്ടം...

ജീവിതത്തിലൊരു തവണ മാത്രം

വരുന്ന സ്നേഹം  ഞാൻ കേട്ടു.....

എനിക്ക് വളരെയുറപ്പാണ്...

അത് നീയെന്റെ ജീവിത പ്രണയം

കാരണം; ഞാനിപ്പോൾ നിൽക്കുന്നത്

ഡാൻഡലൈൻ പാടത്തിലാണ്......

എല്ലാത്തിനോടും പ്രാർതഥിക്കുന്നു...

നീയെന്റേതു മാത്രമാണ്....

എന്റേതു മാത്രം..നന്മകൾ.....

# അതിജീവനം

ഭദ്രകൃഷ്ണ 10I

അവളുടെ മൗനത്തിന് ഒരു അവസാനം ഉണ്ടായിരുന്നില്ല. എന്താണ് കാര്യം എന്ന് എല്ലാവരും അന്വേഷിക്കുന്നുണ്ട്. അവളുടെ പക്കൽ മൗനം അല്ലാതൊരു ഉത്തരം ഉണ്ടായിരുന്നില്ല. അവൾ ശബ്ദിച്ചില്ലായിരുന്നുവെങ്കിലും ഇതിനെല്ലാം പിന്നിൽ കാരണം ഉണ്ടായിരുന്നു. അത് വെളിപ്പെടുത്തേണ്ട സമയം ആയി എന്ന് അവൾക്കു തന്നെ തോന്നി.അവളുടെ മനസ്സ് ഒന്ന് പിന്നിലേക്കു സഞ്ചരിച്ചു.

ഒരു ചെറിയ നഗരപ്രദേശം, അവിടെ ജീവിക്കാനായി കഷ്ടപ്പെടുന്ന ഒരു സാധാരണകുടുംബം. ആ വീട്ടിലെ ദമ്പതികളുടെ മൂന്ന് മക്കളിൽ മൂത്തവളായിരുന്നു മായ. പഠനകാലത്ത് ഏറ്റവും മികച്ചുനിന്നിരുന്നു അവൾ.കലാകായിക പ്രവർത്തനങ്ങളിലും അവൾ അവളുടെ മികവ് തെളിയിച്ചിരുന്നു.ഇതിനൊക്കെയിടയി-ലാണ് സ്കൂളിൽ പോകുന്ന വഴി കണ്ടുമുട്ടിയ ഒരു ചെറുപ്പ-

ക്കാരനമായി മായ അടുപ്പത്തിലായത്. ലഹരിയ്ക്കടിമയായിരുന്നു ആ യുവാവ്. എന്നാൽ പ്രണയ
ലഹരിയിൽ അവൾ ഇതൊന്നും കാര്യമാക്കിയിരുന്നില്ല.മായ-യോട് അവൻ പല പല ആവശ്യങ്ങൾ ഉന്നയിക്കാൻ തുടങ്ങി. അവൾ അതെല്ലാം സാധിച്ചുകൊടുത്തിരുന്നു.

അത്യാഗ്രഹിയായിരുന്ന ആ യുവാവിന് മായയുമായി മാത്രമായിരുന്നില്ല ബന്ധം ഉണ്ടായിരുന്നത്.ഓരോ പെൺകുട്ടി-കളേയും തന്റെ വരുതിയിലാക്കിയിട്ട് അവരിൽനിന്നും തന്റെ ആവശ്യങ്ങൾ സാധിച്ചെടുത്ത ശേഷം അവരെ ഉപേക്ഷിക്കും. അവനു വേണ്ടിയിരുന്നത് അവരുടെ ശരീരം ആണ്. മായയും അവന്റെ വലയിൽ കുടുങ്ങി. അവളുമായി അടുത്തശേഷം ഒരു ദിവസം അവളെ അവൻ തന്റെ വീട്ടിലെയ്ക്ക് ക്ഷണിച്ചു. മായ ആ പ്രണയത്തിൽ മുഴുകി അവന്റെ ഒപ്പം പോയി. അവിടെ എത്തി ലേശം
സമയം കഴിഞ്ഞതും അവന്റെ ഉള്ളിലെ കാമം വളരെ ഭ്രാന്തമായ രീതിയിൽ പുറത്തേക്ക് വരാൻ തുടങ്ങി. അവളുടെ സമ്മതം പോലും ചോദിക്കാതെ വിവസ്ത്രയാക്കുകയും ക്രൂരമായി പീഡി-പ്പിക്കുകയും ചെയ്തു. അവൾ ശാരീരികമായി ദുർബല ആയിരു-ന്നതിനാൽ ഒന്ന് പിടിച്ച് മാറ്റാൻ പോലും അവൾക്ക് കഴി-ഞ്ഞില്ല. ഒടുവിൽ അവളെ അവിടെ ഉപേക്ഷിച്ചിട്ട് അവൻ കടന്നു.

ജി വി എച്ച് എസ് എസ് ഞെക്കാട്

അയൽപക്കത്തുകാർ ആരോ അവളെ ആശുപത്രിയിൽ കൊണ്ടുപോയി. പ്രഥമശുശ്രൂഷയ്ക്ക് ശേഷം ബോധം വന്നപ്പോൾ അവൾ വീട്ടിൽ വിളിച്ചുപറഞ്ഞു. അവൾ തന്റെ കൂട്ടുകാരിക്കൊപ്പം ആണ്, രണ്ടു ദിവസം കഴിഞ്ഞേ വരുകയുള്ളൂ എന്ന്. താൻ പീഡിപ്പിക്കപ്പെട്ടു എന്ന വിവരം വെളിപ്പെടുത്തിയാൽ പിന്നീട് തന്റെ വീട്ടിൽ എന്തായിരിക്കും പ്രതികരണം എന്ന ഭയത്തിൽ അവൾ ഇതൊന്നും പുറത്താരോടും പറയരുതെന്ന് ചുറ്റുമുള്ളവരോട് ആവശ്യപ്പെട്ടു.

ഒരു സ്വകാര്യ ആശുപത്രി,സൗകര്യം ലേശം പോലും ഉണ്ടായിരുന്നില്ല.ആ പതിനേഴുകാരിയുടെ വിവരം നിയമത്തിന് മുന്നിൽ കൊണ്ട് വരാൻ പോലും അവിടുത്തെ ജീവനക്കാർ സൗകര്യപ്പെട്ടില്ല. അങ്ങനെ മായ തിരിച്ച് വീട്ടിലെത്തി. എന്നിട്ട് തനിക്ക് ഒരു ചെറിയ വാഹനാപകടം ആണ് സംഭവിച്ചതെന്ന് കളവുപറഞ്ഞു. കൂടുതൽ ചിന്തിച്ച് പോവാനും വേണ്ടി വിദ്യാഭ്യാസം ആ ദമ്പതികൾക്ക് ഉണ്ടായിരുന്നില്ല. അങ്ങനെ മാസങ്ങൾ കഴിഞ്ഞു. അവൾ ആരോടും മിണ്ടുന്നില്ല. മൗനം പാലിച്ച് നിലകൊള്ളുന്നു. ഇതിനു പിന്നിലെ കാരണം വീട്ടുകാരും കൂട്ടുകാരും എല്ലാം അന്വേഷിച്ചു. എന്നാൽ അവൾ ഒന്നും വെളിപ്പെടുത്തിയില്ല. അങ്ങനെ ഹയർ സെക്കൻഡറി അവസാന വർഷം പൂർത്തിയാക്കാൻ കഴിയാതെ അവൾ ദുഖിതയായി

നിലകൊണ്ടു. ഒടുവിൽ ഇതെല്ലാം വെളിപ്പെടുത്താൻ അവൾ തീരുമാനിച്ചു. തന്റെ രണ്ട് വയസ്സ് ഇളയതായിരുന്ന അനിയനോട് അവൾ എല്ലാം തുറന്നു പറഞ്ഞു. ഇതെല്ലാം കേട്ട് ദേഷ്യവും സഹതാപവും കലർന്ന് അവൻ കരഞ്ഞു. ശേഷം തന്റെ മാതാപിതാക്കളോട് എല്ലാം വെളിപ്പെടുത്തിയിട്ട് അവൻ തന്റെ പെങ്ങൾക്ക് നീതി കിട്ടുന്നതിനായി നിയമസഹായം തേടി. ഇന്നാട്ടിലെ നിയമവ്യവസ്ഥ അവൾക്ക് നീതി കൊടുക്കാനായി പ്രവർത്തിച്ചിരുന്നു എങ്കിലും താമസമുണ്ടായി.

അങ്ങനെ വീട്ടുകാർ പകർന്നുകൊടുത്ത ആത്മവിശ്വാസം അവളിൽ പ്രതിഫലിക്കാൻ തുടങ്ങി. സ്കൂൾ വിദ്യഭ്യാസം പൂർത്തിയാക്കി അവൾ തുടർപഠനങ്ങളിൽ ഏർപ്പെട്ടു. മികച്ച വിജയം കൈവരിച്ചു. ശേഷം അവൾ IPS എന്ന അവളുടെ ലക്ഷ്യം പൂർത്തികരിച്ചു. ജോലിയിൽ പ്രവേശിച്ച് അവൾ അദ്യം തന്നെ ആ യുവാവിനെ ശിക്ഷിച്ചു. അങ്ങനെ ജീവിതത്തിലെ ദുരിത നിമിഷങ്ങളെല്ലാം അതിജീവിച്ച് മായ ജീവിതവിജയം കൈവരിച്ചു.

# തിരികെ വരുമോ?

കവിത

ഗായത്രി.M

9H

നന്മയുള്ള ലോകമേ......
നീ ഒരു സ്വപ്നമായി തീരുന്നു
മനുഷ്യ മനതാരിൻ അഴികൾ അടയുന്നു
നന്മ പൊഴിയുന്നു.
തിന്മ വളരുന്നു.
മാഞ്ഞു പോയ നന്മയീ ധരണിയിൽ
തിരികെ വരുമോ ?
ധരണിയിൽ പച്ചപ്പു മായുന്നു
മനുഷ്യരുടെ തിന്മകൾ വളരുന്നു.
തിരികെവരുമോ മാഞ്ഞു പോയ പച്ചപ്പ്
പ്രതീക്ഷിക്കാം ആ പഴയ നന്മയുള്ള
ലോകത്തെ.....

# വിദ്യാർത്ഥികളും ലഹരിയും

രസിക
10.A


വിദ്യാാത്ഥികൾ ലഹരിക്ക് അടിമകളായി കൊണ്ടിരിക്കുന്ന ഈ കാലത്ത് എല്ലാവരും ഉറച്ചമനസ്സോടുക്കൂടി തന്നെ പറയേണ്ട ഒന്നാണ് ലഹരിക്ക് അടിപ്പെടില്ല ഒരു നാളും നാം എന്ന്.

ലഹരി വിഷമാണ് , അതുപയോഗിക്കുന്ന വരുടെ ജിവിതം തന്നെ തകരും എന്ന് അറിഞ്ഞുക്കൊണ്ടുതന്നെ വിദ്യാർത്ഥികളെ ലഹരിക്ക് അടിമ ആക്കുക എന്ന ലക്ഷ്യത്തോട് കൂടി ഇറങ്ങിതിരിച്ചവരാണ് ലഹരിമാഫിയകൾ. തങ്ങൾ ചതിയുടെ കുഴൽകിണറിലേക്കാണ് പോകുന്നത് എന്ന് അറിയാതെ വർണ്ണക്കടലാസുകളുടെ മതിപ്പിൽ വിദ്യാർത്ഥികൾ തങ്ങളറിയാതെ വഴുതിവീഴുകയാണ് . ലഹരിയുടെ രുചി അറിഞ്ഞോ അറിയാതെയോ അനുഭവിച്ച് അറിഞ്ഞവർ വീണ്ടും വീണ്ടും അതുപയോഗിക്കാനുള്ള ആഗ്രഹത്തിലേക്ക് എത്തുന്നു. തങ്ങൾ കഴിച്ച മിഠായുടെ രുചി അത് ലഹരിയാണെന്ന് അറിയാതെ തന്റെ സുഹൃത്തക്കൾക്ക് പങ്ക് വയ്ക്കുന്നു. പിന്നെ അവർ ലഹരിക്ക്

അടിമയാകുന്നു. വരം പോലെക്കിട്ടിയെ ജീവിതം ലഹരിയുടെ ഉപയോഗം മൂലം ഓരോ വിദ്യാർത്ഥിയും എറിഞ്ഞ് ഉടയ്ക്കുകയാണ്.

ലഹരി വസ്തുക്കളുടെ ഉപയോഗം കൂടുന്തോറും കേരളത്തിൽ കുറ്റകൃത്യങ്ങളുടെ എണ്ണം കൂടുന്നു. ലഹരിയുടെ ഉന്മാദാവസ്ഥയിൽ മാനസികനിലതെറ്റി അച്ഛനെന്നോ,അമ്മയെന്നോ സഹോദരനെന്നോ നോക്കാതെ എതിർക്കുന്നവരെ വെട്ടിവീഴത്തുകയാണ് ചെയ്യുന്നത്.ഒരു വിദ്യാർ ദ്ഥിയെ നിമിഷനേരംക്കൊണ്ട് ഒരു കൊലയാളിയാക്കി മാറ്റാൻ കഴിവുള്ള ഒന്നാണ് ലഹരി .ലഹരി കുടുംബബന്ധങ്ങളെ തകർക്കുന്നു,മാനസ്സികനില തെറ്റിക്കുന്നു. എന്നിട്ടും ലഹരിമാഫിയ കുരുന്നിലേ തന്നെ കുട്ടിക്കളെ പിടിക്കൂടാൻ പതുങ്ങി നിൽക്കുന്നു. വർണ്ണക്കടലാസ്സുകളിൽ പൊതിഞ്ഞ മിഠായികളിലൂടെയും. സിറിഞ്ചിലീടെയും ലഹരി വിദ്യാർത്ഥികളെ വേട്ടയാടാൻ കാത്ത് നിൽക്കുന്നു. അവരുടെ കുരുക്കിൽ മുറുക്കാതെ നോക്കേണ്ടത് വിദ്യാർത്ഥികളാണ്.ചുറ്റും നമ്മെ ആകർഷിക്കുന്ന തരത്തിൽ ലഹരികൾ മറഞ്ഞിരിക്കുന്നു.അവരുടെ കെണിയിൽ പോയിവീഴാതിരിക്കുക നമ്മുടെ ഉത്തരവാദിത്വമാണ്. നമ്മുടെ ജിവിതം തകർക്കുന്നത് ലഹരിയാണ്. നാം കാരണം തകരുന്നത് മറ്റുള്ളവരുടെ ജീവിതക്കൂടിയാണ് .കാരണം മാനസികനില തെറ്റി നാം മറ്റുള്ളവരുടെ ജീവൻ എടുക്കും. അവരെ കൊല്ലാൻ പോലും

മടിക്കാത്തവരായിത്തീരും. ലഹരിയുടെ കെണിയിൽ പെട്ടവർ. ലഹരിയുടെ രുചി ഒരോരുത്തരേയും മാടിവിളിച്ചുകൊണ്ടിരിക്കും. എന്നാൽ അവർ മനസ്സിലാക്കുക ആ രുചി അവരുടെ ജീവിതം തന്നെ തകർക്കാൻ ത്രാണിയുള്ളതാണ് .അതിനാൽ ആ ലഹരി ഒരിക്കലും ഉപയോഗിക്കില്ല എന്ന് ശിരസുയർത്തി പറയുക. നാം വിശ്വസ്സിക്കുന്നവർ പോലും ചിലപ്പോൾ ചതിയുടെ മാർ ഗംക്കാട്ടിതന്നെക്കാം .എന്നാൽ അതിലൊന്നും പോയിവീഴാതെ നേർവഴിലൂടെ സഞ്ചരിക്കണം .ഒരോ വിദ്യാർത്ഥിയും സ്കൂളിന്റയും,നാടിന്റയും,രാഷ്ട്രത്തിന്റെയും അഭിമാനമായി വളരേണ്ടവരാണ്.പിറന്നനാടിനു താങ്ങായും,തണലായും വളരേണ്ട ഒരോ തലമുറകളാണ്. വിദ്യാർത്ഥി സമൂഹം. ലഹരിയുടെ പിടിയിൽപ്പെട്ട് ഒരിക്കലും തകരാൻ പാടില്ല. നാടിനു കാവലാകേണ്ടവൻ ആപത്തായി മാറാൻ പാടില്ല. അത് മനസ്സിലാക്കി പ്രവർത്തിക്കുകയാണ് വേണ്ടത് . അറിവുള്ളവരാണ് ഓരോ വിദ്യാർത്ഥിയും. ലഹരി ജീവത്തിലുണ്ടാകുന്ന പ്രശനങ്ങളുടെ ആഴം മനസ്സിലാക്കി
പ്രവർത്തിച്ച് അവയെ എതിർത്ത് കൊണ്ട് മുന്നേറുന്നവരാണ് വിദ്യാർത്ഥികൾ.....



# മാപ്പുതന്നീടുക

നിധി.R.S 9F

പൂവേ ;നിനക്കു ഞാൻ ചെയ്തതെല്ലാം

നന്മകളല്ലെന്ന് എനിക്കറിയാം

താഴെയാ പുല്ലിലൂടന്ന് ഞാൻ

നിന്നെ ചവിട്ടിമെതിച്ചൊരു കാലമുണ്ടോ

വെള്ളം തളിക്കാതെ നിന്നെ ഞാൻ

നട്ടു ; എന്നെ നീ പ്രാകിയ കാലമുണ്ടോ
നേരമീസന്ധ്യയോടടുക്കുമ്പോൾ ഞാൻ
പഞ്ഞു നിൻമേലേക്കുരുട്ടിവിട്ടോ?

കളവുപറയരുതെന്റെ പൂവേ,നീ
സഹിച്ചതോ കാഠിന്യമുള്ളതാം
ചെയ്തികൾ.....
എങ്കിലും പൂവേ നീ പൂവിട്ടുവോ
എൻ വീട്ടുമുറ്റത്തിനൈശ്വര്യമായി
മാപ്പു കേളുന്നു ഞാൻ പൂവേ
നിന്നോടു ഞാൻ ചെയ്താ തിന്മയേതിനും
നന്മ ചെയ്യാൻ ഞാൻ കൊതിക്കുന്നു
ദൈവമേ! കേണരുളീടുന്നൊരവസരവും!

നൽകീടുകില്ലേ മാപ്പ് നീ പൂവേ?.......

കവിത

# മഴ

നെസ്റിൻ പെയ്സ് 9G

മഴ പെയ്യുമ്പോൾ തോന്നും എനിക്ക്

മഴയിലിറങ്ങി നടക്കേണം

പാടവരമ്പം മുറിച്ച് കടന്ന്

തോട്ടിൻ കരയിൽ ഇരിക്കേണം.

കാറ്റും മഴയും കിക്കിളികൂട്ടും

മഴത്തണൽത്ത് നടക്കേണം.

പുഴയുടെ മുകളിൽ വെള്ളത്തുള്ളികൾ

തീർക്കും നാദം കേൾക്കേണം.

തോട്ടിൻ ആറ്റിൽ മഴവെള്ളത്തിൽ

പാദസരങ്ങൾ കിലുക്കേണം.



# കാർഷികചൊല്ലുകൾ

അഞ്ജന.ആർ.എസ്

ക്ലാസ്സ് - 8L

- നിലമറിഞ്ഞ് വിത്തിടണം .
- വിത്തുഗുണം പത്തുഗുണം .
- വിത്താഴം ചെന്നാൽ പത്തായം നിറയും .
- കാലത്തെ വിതച്ചാൽ നേരത്തെകൊയ്യാം .
- കള പറിച്ചാൽ കളം നിറയും .
- കുംഭത്തിൽ നട്ടാൽ കുടയോളം മീനത്തിൽ നട്ടാൽ മീൻകണ്ണോളം .
- എല്ല് മുറിയെ പണിചെയ്താൽ പല്ല് മുറിയെ തിന്നാം .

- വിത്തിൽ പിഴച്ചാൽ വിളവിൽപിഴയ്ക്കും .
- മീനത്തിൽ മഴ പെയ്താൽ മീനിനും ഇരയില്ല .
- എള്ളുണങ്ങുന്നത് കണ്ട് നെല്ലുണങ്ങണോ? .
- അടയ്ക്ക് ആയാൽ മടിയിൽ വെയ്ക്കാം അടക്കാമരമായലോ .
- നവര വിതച്ചാൽ തുവര കായ്ക്കുമോ .
- സൂചി കൊണ്ടെടുക്കേണ്ടത് തൂമ്പ കൊണ്ടെടുക്കേണ്ടി വരും .
- വിതച്ചതേ കൊയ്യൂ .
- തൊഴുതുണ്ണുന്നതിനേക്കാൾ നല്ലത് ഉഴുതുണ്ണുന്നത് .
- കതിരിൽ വളം വെച്ചിട്ട് കാര്യമില്ല .
- വേലി തന്നെ വിളവ്തിന്നു .

# കാലത്തിന്റെ അതിജീവനം; നമ്മുടെയും

(കഥ) -നിധി ആർ എസ്

9F

"നീ എവിടെ പോകുന്നു ? " അമ്മ കെവിനോട് ചോദിച്ചു. "ഇപ്പോ വരാം അമ്മേ അവിടെ ഫുട്ബോൾ കളി തുടങ്ങറായി". അതിതീവ്രമായ കാലത്തെ പറ്റി അവന് ഒരു ബോധവും ഉണ്ടായിരുന്നില്ല. നാല് ചുവരുകളിലേക്ക് ഒതുങ്ങികൂടണമെന്നത് അവന് മനസ്സിലായില്ല. അസുഖം എന്താണെന്ന് അവന്ഉൾക്കൊള്ളാൻ കഴിയുന്നില്ല . അമ്മ സങ്കടത്തോടെ ഓർക്കുന്നു, എന്റെ മകന് എന്നോട് ദേഷ്യം ആകുവോ ? അവനെ ഞാൻ മന:പൂർവം അടച്ചിട്ടതാണ് എന്ന് അവന് തോന്നിതുടങ്ങിയിട്ടുണ്ടാകുമോ? "നീ പോകണ്ട" അമ്മ നീരസത്തോടെ പറഞ്ഞു .ഞാൻ പോയാലിപ്പോ എന്താ അമ്മേ പ്രശ്നം ? " എന്റെ പൊന്ന് മോനെ ,അമ്മ ദീർഘനിശ്വാസത്തോടെ തുടർന്നു .ഈ

ലോകം കോവിഡ്- 19 എന്ന മഹാമാരിയുടെ പിടിയിലാണ് .ഒരുകൂട്ടം ജനതയെ നിമിഷങ്ങൾ കൊണ്ട് നശിപ്പിക്കാവുന്ന . ഈ മഹാമാരിയുടെ പിടിയിലാണ് നമ്മൾ ഇപ്പോൾ. ഈ ചുവരുകൾക്കുള്ളിൽ നിന്ന് നമുക്ക് ഇപ്പോൾ സ്വാതന്ത്ര്യം ഇല്ല. അവൻ ആശ്ചര്യത്തോടെ ചോദിച്ചു, "സ്വതന്ത്ര്യം എല്ലാവർക്കും ഉള്ളതല്ലേ ? അത് നിഷേധിക്കാൻ ആർക്കാണമ്മേ അവകാശം ?” നാലാം തരത്തിൽ പഠിക്കുന്ന പിഞ്ചുബാലന്റെ ചോദ്യങ്ങൾക്ക് മുന്നിൽ അമ്മ വാചാലയായി . "മോനെ നീയിങ്ങു വന്നേ" അവൻ അടുത്തേക്ക് ചെന്നു .അമ്മ അവനെ ചേർത്ത് നിർത്തിയിട്ട് പറഞ്ഞു, " ഈ സാഹചര്യം മാറണമെന്നുണ്ടെങ്കിൽ നമ്മളേവരുടെയും കൂട്ടായ പങ്കാളിത്തം ആവശ്യമാണ് .നീ വാർത്തകളിൽ കണ്ടില്ലേ "STAY HOME STAY SAFE” എന്ന് നമ്മുടെ സുരക്ഷക്കല്ലേ അവരെല്ലാം പറയുന്നത് ?നാം കാരണം ഈ രോഗം മറ്റൊരളില്ലേക്ക് എത്താൻ പാടില്ല. ഏതാനും ദിവസങ്ങൾ കൂടി നാം ഇവിടെ കഴിഞ്ഞേ പറ്റൂ. "കാലത്തിന്റെ കിടപ്പിനെ പറ്റി ഏകദേശം ധാരണ ലഭിച്ച എന്ന മട്ടിൽ എവൻ തല കുനിച്ചു . അവന്റെ പളുങ്കുമണി

കണ്ണുകളിൽ നിന്ന് കണ്ണുനീർ പൊടിഞ്ഞു."അയ്യോ,എന്റെ കുട്ടി എന്തിനാ കരയുന്നേ ? ഈ ചെറിയ കാര്യത്തിനോ ,അമ്മക്ക് നീയും നിനക്ക് അമ്മയും ആയി നമുക്ക് രണ്ടാഴ്ച അടിച്ച്പൊളിക്കാലോ. അമ്മയാണ് നിന്റെ കൂട്ടുകാരി . മോന്റെ കൂടെ ഇനി അമ്മ കളിക്കാലോ .നിഷ്കളങ്കമായി അവൻ ചോദിച്ചു ."സത്യം" , "ഉവ്വ്" . നാമീ അനുഭവിക്കുന്നതിൽ നിന്ന് കരകയറാൻ ശ്രമിച്ച്ക്കൊണ്ട് ഇരിക്കുക . അതായിരിക്കാം ലോകം നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്ന അതിജീവനത്തിന്റെ കഥ "അതെ നമ്മൾ അതിജീവിക്കും " അവന്റെ ചുണ്ടുകൾ മെല്ലെ മന്ത്രിച്ചു.

*ശുഭം..*

# വിശപ്പ്

ശിവകൃഷ്ണ.S
8M


" വിശപ്പ് നമ്മെ തീരാകടലിലേക്ക് തള്ളിവിടും "

വിശപ്പിനാഹാരം നമ്മെ
തേടി വരുന്ന പ്രതീക്ഷയിൽ
ഞാൻ ഇന്നേക്ക് മയങ്ങുന്നു.
നാളത്തെ സൂര്യോദയം
ഞാൻ കാണുന്നത്
വിശിപ്പിനാഹാരം എന്ന പ്രതീക്ഷയിൽ
പാവങ്ങൾക്ക് ഈ ഗതി
തീരാദുഃഖം സമ്മാനിക്കുന്നു.
ഈ ലോകത്തിന്റെ ഏതു കോണിലായാലും
വിശപ്പിനാഹാരം ഇല്ലാതെ ഒരു ദിനം
കഴിഞ്ഞാൽ അറിയും അതിന്റെ വേദന
പാവങ്ങൾക്ക് ഈ ഗതി

തീരാദുഃഖം സമ്മാനിക്കുന്നു.

അശാന്ത ഭൂമിയിൽ വലയുന്ന വയറുമായി അലയുന്ന

നമ്മുടെ ജനത



ശാന്തഭൂമിയിൽ പ്രാർത്ഥിക്കുന്നു

ഞാൻ

വിശപ്പിനാഹാരം

ലഭിച്ചാൽ സ്വർഗ്ഗം

ആഹാരം തരുന്നയാൾ

ദൈവം

ആ ദൈവത്തെ ഭജിപ്പിൻ

നിൻ ലോകം അവരാണ്

വിശപ്പുള്ളവന്റെ

മുന്നിലേക്ക്

ഭക്ഷണവുമായി ഒരു

പുണ്യജൻമം

*ആഗതമാകട്ടെ.....*

# വീണ്ടും നല്ല നാളേയ്ക്കായി

പൂജ എസ്
9H

ശാന്തസുന്ദരമായ, പ്രകൃതിരമണീയമായ, ഒരു ഗ്രാമം. സത്യദാസ് എന്ന കൃഷിപ്പണിക്കാരനായിരുന്നു ഗ്രാമത്തലവൻ. സത്യദാസിനോടും ഭാര്യ അംബികയോടും എന്നും ആദരവും ബഹുമാനവും പുലർത്തിയവരായിരുന്നു വൃന്ദാവനത്തിലെ ഗ്രാമനിവാസികൾ. സത്യദാസിന്റെയും അംബികയുടെയും ഒരേയൊരു മകനാണ് ആകാശ്. ഉൾനാട്ടിലെ വിദ്യാഭ്യാസ രീതിയോട് എന്നും കൂറ് പുലർത്തിയവനാണ് സത്യദാസ്. പാശ്ചാത്യരീതികളോട് പൊരുത്തപെടാൻ ശ്രമിക്കുന്ന അംബിക അത് വിസ്സമതിച്ചു. തങ്ങളുടെ മകന് ഉയർന്ന

വിദ്യാഭ്യാസം നൽകാൻ തീരുമാനിച്ച അംബികയും സത്യദാസും മകനെ മദ്രാസിൽ വിട്ട് പഠിപ്പിച്ചു.വർഷങ്ങൾ കടന്നുപോയി.

ഉൾനാട്ടിലെ തന്റെ മാതാപിതാക്കളെ കാണാൻ ആകാശ് വൃന്ദാവനത്തിൽ എത്തി. കൂട്ടുകാരുമായി ഒരു ഉല്ലാസയാത്രയിൽ എന്ന പോലെ ആകാശ് വീട്ടുപടിക്കൽ വന്നു നിന്നു.'മകനെ നീ എത്തിയോ...'എന്ന അംബികയുടെ വിളിയിൽ ഞെട്ടി എഴുന്നേൽക്കാൻ ശ്രമിക്കുകയായിരുന്നു സത്യദാസ്. വാർദ്ധക്യസംബന്ധമായ രോഗങ്ങളാൽ ബുദ്ധിമുട്ടുകയായിരുന്നു അദ്ദേഹം. അച്ഛന്റെ ബുദ്ധിമുട്ടുകളെ തന്നെ അറിയിക്കാത്തതിന്റെ പരിഭവം അമ്മയുമായി പങ്കുവയ്ക്കുകയായിരുന്നു ആകാശ്. കൂട്ടുകാരെയെല്ലാം ആതിഥ്യമര്യയാദയാൽ സ്വീകരിച്ച് വീടും ഗ്രാമവും ഒക്കെ കാണിച്ചു കൊടുക്കുകയാണ് സത്യദാസിന്റെ കാര്യസ്ഥൻ ദാസൻപിള്ള.

സന്ധ്യസമയത്ത് നാട്ടുവിശേഷം പറയുന്നതിനിടയിൽ സത്യദാസ് തന്റെ ബുദ്ധിമുട്ടുകൾ

മകനെ അറിയിച്ചു.ഇനിയുള്ള കാലം തന്റെ ഗ്രാമവും കൃഷിയും എല്ലാം നീയാണ് ശ്രദ്ധികേണ്ടത് എന്നു പറഞ്ഞു.

അതുവരെ താളപിഴകൾ ഒന്നുമില്ലാത്ത അവരുടെ ജീവിതത്തിൽ വിള്ളൽ വീണിരിക്കുന്നു .നാട്ടിലെ കൃഷിപ്പണിയോട് പുച്ഛമായിരുന്ന ആകാശ് അതിന് വിസ്സമതിച്ചു. ഉയർന്ന വിദ്യാഭ്യാസം നേടിയ താൻ എങ്ങനെ

ഈ നാട്ടിൽ ജോലി ചെയ്യും എന്ന മകന്റെ ചോദ്യത്തിന്

*അച്ഛനു ഉത്തരമില്ലായിരുന്നു.അവസാന കാലത്ത് തങ്ങളെ നോക്കാൻ നീ ഇവിടെ വേണം എന്ന അംബികയുടെ ആഗ്രഹം അവൻ സമ്മതിച്ചു. എന്നാൽ കൃഷിയും ഗ്രാമവും നോക്കാൻ തനിക്ക് പറ്റില്ല എന്ന് തന്നെ അവൻ കർ ശനമായി പറഞ്ഞു. താൻ ഇവിടെ പുതുതായി ഒരു ഫാക്ടറി നിർമ്മിക്കാൻ പോവുകയാണ്.അതിനുവേണ്ടിയാണ് തന്റെ കൂട്ടുക്കാരും ഗ്രാമത്തിലോട്ട് വന്നത് എന്ന് പറഞ്ഞത് കേട്ട് ഞെട്ടി തരിച്ചു നിൽകുകയാണ് സത്യദാസ്. ഒരു കാരണവശാലും താൻ ഇതിന് സമ്മതിക്കില്ല എന്നു*

പറഞ്ഞ് സത്യദാസ് തിരിഞ്ഞു നടന്നു. അച്ഛന്റെ സമ്മതമില്ലാതെ അവൻ നിർമ്മാണപദ്ധതികൾ ആരംഭിച്ചു. പതുക്കെ പതുക്കെ വൃന്ദാവനം നരഗതുല്യമായി മാറി. തലമുറ മാറുമ്പോളുണ്ടാകുന്ന കാലാവസ്ഥ വ്യതിയാനം ആ സുന്ദരഗ്രാമത്തെയും ബാധിച്ചു. തന്റെ തെറ്റ് മനസിലാക്കി അച്ഛനെ കണ്ട് മാപ്പ് പറയാൻ വന്ന ആകാശിനു മുന്നിൽ കണ്ണുകൾ അടച്ച് അഗാധനിദ്രയിൽ ആണ്ടുകിടക്കുന്ന സത്യദാസിനെ ആണ് കണ്ടത്. അച്ഛനോടുള്ള പ്രായശ്ചിത്തമായി തന്റെ ഗ്രാമത്തെ തിരിച്ചു വൃന്ദാവനമാക്കാൻ അവൻ ഒരുങ്ങി .നഷ്ട്ടപ്പെട്ട ഗ്രാമഭംഗി ഒരു അതിജീവനത്തിനെന്നപ്പോലെ ആകാശ് തിരിച്ചു പിടിച്ചു .അച്ഛന്റെ ആത്മാവിന് പ്രായച്ഛിത്തമായി അവൻ ഗ്രാമത്തിൽ വസിച്ചു.പുതിയനാളുകൾക്കായി പുതിയൊരു തുടക്കം.......

# ലഹരിയിൽ നിന്നും അകലൂ

ശിഖ.V

10.A

'ലഹരി'എന്നത് വിദ്യാർത്ഥികൾക്ക് ഉപയോഗപ്രദമായ ഒരു വസ്തുവല്ല. ലഹരി വിദ്യാർത്ഥികളെ നശിപ്പിക്കുന്നു. അവരെ പല ചിന്തകളിലേക്കും പ്രവൃത്തികളിലേക്കും നയിക്കുന്നു. ലഹരി  നിമിത്തം ഭാവി നഷ്ടപ്പെടുന്നു. അവരുടെ കുടുംബങ്ങൾ നശിപ്പിക്കുന്നു.അവരിൽ ഒരു പ്രേരണ ഉണ്ടാക്കുന്നു.ലഹരി മുഖേന കുടുംബങ്ങൾ നശിക്കുന്നു.ലഹരി വസ്തുക്കൾ ആരോഗ്യത്തിന് ഹാനികരമാണ്.അത് ഉപയോഗിക്കരുത്.ലഹരി  എന്ന വസ്തു കൗമാര പ്രായക്കാരെ ഇല്ലാതാക്കുന്നു.ലഹരി എന്ന വസ്തു ജനങ്ങളുടെ മാനസികവും ശാരീരകവുമായ മാറ്റങ്ങളെ മാറ്റിമറിക്കുന്ന ഒന്നാണ്.ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതു മൂലം മനുഷ്യനും കുട്ടികൾക്കും അവയവങ്ങളും

ഇല്ലാതാകുന്നു.കാൻസർ പോലുള്ള മാരകമായ രോഗങ്ങൾ ബാല്യകാലത്തിൽതന്നെ പിടിപെടുന്നു.

മാഫിയ സംഘങ്ങളാണ് വിദ്യാർത്ഥികൾക്ക് മയക്കുമരുന്ന്പോലുള്ള ലഹരിവസ്തുക്കൾ കുട്ടികളിലെത്തിക്കുന്നത്.ഇന്നത്തെ കാലഘട്ടത്തിൽ ലഹരിമുഖേനയുള്ള കേസുകളും പ്രശ്നങ്ങളും അനവധിയാണ്.അതില്ലാതാക്കാൻ ഇത്തരം അന്യവസ്തുക്കളുടെ ഉപയോഗം ഇല്ലാതാക്കുക തന്നെ വേണം.അതിലൂടെ മാത്രമേ നമ്മുടെ കുട്ടികൾക്ക് നല്ല ജീവിതം നയിക്കാനും അതിലൂടെ കുടുംബപ്രശ്നങ്ങൾ ഇല്ലാതാക്കാനും കഴിയൂ.ലഹരിയുടെ ഉപയോഗം മൂലം വളർന്നുവരുന്ന പുതുതലമുറയെയാണ് നയുക്ക് നഷ്ടമാകുന്നത്.അതിനാൽ ലഹരിയുടെ ഉപയോഗം കുറക്കുക തന്നെ വേണം.ലഹരി പോലുള്ള വസ്തുക്കളാണ് കുട്ടികളെ കുറ്റങ്ങളിലേക്ക് നയിക്കുന്നത്.സ്കൂളിൽ രഹസ്യമായി കടകളിലും മറ്റും കിട്ടുന്ന ലഹരിപോലുള്ള വസ്തുക്കൾ ആണ് കുട്ടികളെ ഇല്ലാതാക്കുന്നത്.അമ്മമാർക്കും അധ്യാപകർക്കുമറിയാത്ത ചില അനാവശ്യകാര്യങ്ങൾ

ലഹരിയെക്കുറിച്ച് കുട്ടികൾക്കറയാം.ഒരു വിദാർത്ഥി ലഹരിയ്ക്ക് അടിമയാകുമ്പോൾ അത് തെറ്റാണെന്ന് പറഞ്ഞു മനസ്സിലാക്കി നല്ല കാര്യങ്ങൾ ചെയ്യാനും നല്ല വരായി തീർക്കാനും പഠിപ്പിക്കേണ്ടത് പഴയതമുറയുടെ ഉത്തരവാദിത്വമാണ്. അല്ലാതെ ലഹരവസ്തുക്കൾ ഉപയോഗിക്കുമ്പോൾഅതിന് പ്രോത്സാഹനം നൽകുന്നത് മനുഷ്യന് പറ്റിയ ഒരു കാര്യമല്ല.ഇന്നാട്ടിലെ മനുഷ്യരാണ് ഈ പുതുതലമുറയെ സംക്ഷിക്കേണ്ടത്.
അതിനുള്ള പൂർണഉത്തരവാദിത്വം ജനങ്ങൾക്കും അധ്യാപകർക്കുമുണ്ട്.പല പല പ്രവർത്തികളിലൂടെ വിദ്യാർത്ഥികൾ കുറ്റവാളികളാകുന്നു.അതിന് പ്രേരിപ്പിക്കുന്നത് ലഹരിവസ്തുക്കളാണ്.
പഴയതലമുറയിലുള്ള ജനങ്ങൾ ലഹരിപോലുള്ള വസ്തുക്കൾ അമിതമായി ഉപയോഗിക്കുകയില്ലായിരുന്നു.
എന്നാൽ ഇപ്പോഴത്തെ കാലവും മനുഷ്യനും വിദ്യാർത്ഥികളും നേരെമറിച്ചാണ്. നമുക്ക് നമ്മുടെ പുതുതലമുറയെ സംരക്ഷിക്കാം.... കൂട്ടുകാരെ ആ ഉത്തരവാദിത്വത്തോടു കൂടി വളരുക. ലഹരി

ആരോഗ്യത്തിന് ഹാനികരമായ ഒന്നാണ്. അത് ഉപോഗിക്കതിരിക്കുക.

നന്ദി .....

# കേരളവും അതിജീവനവും

ലേഖനം മർവ്വഫാത്തിമ

8:L

1956 നവംബർ 1-ന് രൂപംകൊണ്ട 'കേരളം' എന്ന നമ്മുടെ സംസ്ഥാനത്തെയാണ് 'ദൈവത്തിന്റെ സ്വന്തം നാട് ' എന്ന് വിശേഷിപ്പിക്കുന്നത്. എന്നാൽ കഴിഞ്ഞ കുറച്ച് നാളുകളായി നമ്മുടെ നാടും നാട്ടിലെ ജനങ്ങളും ഒരുപാട് ദുരിതങ്ങൾ അനുഭവിക്കുന്നുണ്ട്; പ്രളയം, കൊറോണ തുടങ്ങിയവ.

2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ തെക്ക് പടിഞ്ഞാറൻ കാലവർഷകാലത്ത് ഉയർന്ന അളവിൽ മഴ പെയ്തതിന്റെ ഫലമായിട്ടാണ് 2018-ലെ വെള്ളപ്പൊക്കദുരന്തം . അതിശക്തമായ മഴയെത്തുടർന്ന് കേരളത്തിലെ മിക്ക ജില്ലകളിൽ മലയോരമേഖലകളിലും വെള്ളപ്പൊക്കവും ഉരുൾപ്പൊട്ടലുമുണ്ടായി . നൂറ്റാണ്ടിലെ വെള്ളപ്പൊക്കം എന്നറിയപ്പെട്ടിരുന്ന 1924-ലെ വെള്ളപ്പൊക്കത്തിന് ശേഷം

കേരളത്തിലുണ്ടായ ഏറ്റവും വലിയ പ്രളയമായിട്ടാണ് 2018-ലെ പ്രളയത്തെ വിശേഷിപ്പിക്കുന്നത്.അതിനെത്തുടർന്ന് പല ജീവനുകളും നഷ്ടമായി.ഒരുപാട് കോടിരൂപയുടെ നാശനഷ്ടം വന്നുവെന്നാണ് സംസ്ഥാന സർക്കാരിന്റെ പ്രാഥമിക വിലയിരുത്തൽ.പ്രളയവും നമ്മൾ ഒരുമിച്ച് നിന്ന് അതിജീവിച്ചു.

പിന്നെ ഉള്ളത് എന്തെന്നാൽ ചൈനയിൽ രൂപം കൊണ്ട വൈറസായ കൊവിഡ്-19 ആണ്.ഭയപ്പെടുത്തുന്ന വാർത്തകളുടേയും കർശനമായ നിയന്ത്രണങ്ങളുടെയും നടുവിൽ വർഷങ്ങൾ പോയത് അറിഞ്ഞില്ല.കൊവിഡ് നിയന്ത്രണങ്ങൾ കാരണം ഒന്നരവർഷത്തെ സ്കൂൾ അവധിയും .വാക്സിനുകളും നിയന്ത്രണങ്ങളും കൊണ്ട് കോവിഡിനെ നമ്മൾ അതിജീവിച്ചു.സ്കൂളുകൾ തുറന്നു.ഞങ്ങൾക്ക് എല്ലാവർക്കും സന്തോഷമായി.

എന്തൊക്കെ ദുരിതങ്ങൾ വന്നാലും നമ്മളുടെ ഒത്തൊരുമക്കൊണ്ട് അതിനെയെല്ലാം നമ്മൾ അതിജീവിക്കും; അതാണ് നമ്മുടെ കേരളം.

# ലൈഫ് ഓഫ് റിയ

-ശ്രീനന്ദ
9.H

"ആയിരക്കണക്കിന് ആരാധകരുള്ള ആളാണ് എന്നാണ് പറച്ചിൽ", ജോലിക്കായി വന്നവരുടെ ഇടയിൽനിന്ന് അങ്ങനെയൊരു പറച്ചിലുണ്ടായി. ഇതെല്ലാം കേട്ടുകൊണ്ട് ആ വലിയ ഹോട്ടലിന്റ ഉള്ളിലേക്ക് അവൻ എത്തി. കയ്യിൽ ഒരു പുസ്തകവും. വളരേ അലഞ്ഞുതിരിഞ്ഞ വേഷവും മുഖഭാവവും. റിസപ്ഷനിസ്റ്റ് അവനോട് പേരും വിവരവും ചോദിച്ചു.അവന്റ മൃദുലവുമായ ശബ്ദത്തോടെ അവൻ മൊഴിഞ്ഞു ; ഐയാം,മാധവ്; പേരിലൂടെ തന്നെ അവൻ ഇവിടത്തുകാരൻ അല്ലെന്ന് മനസ്സിലാക്കി .അവൻ അവന്റ ആവശ്യം പറഞ്ഞു.കേട്ടയുടൻ ആ റിസപ്ശനിസ്റ്റ് അവന് വഴി കാട്ടി .റൂമിന്റെ മുന്നിൽ എത്തിയതിൻ ശേഷം അവൻ മൃദുവായി കതകിൽഒന്നു മുട്ടി . കതക് തുറന്ന് മുന്നിൽ എത്തിയ ആളിനെ കണ്ട് അവൻ ഒന്നു നെട്ടുവീർപ്പെട്ടു. അവൻ പറഞ്ഞു എനിക്കു ഒരു കാര്യം പേർസണലായി പറയണം, വളരെ പ്രധാനപ്പെട്ടതാണ്.

അദ്ധേഹം പറഞ്ഞു, വരൂ അകത്തേക്ക്. അവനെ അദ്ധേഹം സോഫയിൽ ഇരുത്തി. വന്ന കാര്യം പറയാൻ അദ്ധേഹം ആവശ്യപ്പെട്ടു. അപ്പോൾ അവൻ തന്റെ കൈയിലെ അൽപ്പം പൊടിപിടിച്ചതും എന്നാൽ നല്ലവൃത്തിയോടെയും ഭംഗിയോടെയും പൊതിഞ്ഞ ആ ഡയറി വലുപ്പം തോന്നിക്കുന്ന പുസ്തകമല്ല ഡയറി. അവന്റ കൈയിൽ നിന്ന് വാങ്ങിച്ചു. അതിന്റ ആദ്യ പേര് പതുക്കെ വായിച്ചു, "ലൈഫ് ഓഫ് റിയ" വാവ് ഇൻട്രസ്റ്റിങ്ങ്. അദ്ധേഹം പറഞ്ഞു. പതുക്കെ അതിന്റ ഓരോ താളുകൾ മറിക്കാൻ തുടങ്ങി.

4 വർഷങ്ങൾക്ക് മുൻപ്,

അവൻ നന്നായി വിയർക്കുന്നുണ്ടായിരുന്നു. ഗ്രാമത്തിൽ നിന്ന് വന്ന ഒരു ശരാശരി വീട്ടിൽ നിന്ന് വന്ന ഇംഗ്ലീഷ് ഭാഷയെ അത്ര പരിചയമില്ലാത്ത ഒരാളുടെ പേടിയാണ് അവന്റ മുഖത്തുണ്ടായിരുന്നത്. അവന്റ പോക്കറ്റിലെ കർച്ചീഫ് കൊണ്ട് വിയർപ്പ് തുടച്ചു. താങ്കൾ ടെൻഷൻ ആവണ്ടഎന്ന് ഉദ്യോഗസ്ഥൻ പറഞ്ഞു. ബാക്കിയുള്ളവർ നന്നായി ഇംഗ്ലീഷ് സംസാരിക്കുന്നുണ്ടായിരുന്നു.ഈയൊരു കാര്യത്തിൽ അവന് വളരെയധികം നാണക്കേട് തോന്നി. അവന്റ പരുങ്ങൽ മനസ്സിലാക്കിയ അവർ പറഞ്ഞു മിസ്റ്റർ മാധവ്, താങ്കൾ ഇങ്ങനെ ടെൻഷൻ ആവണ്ട. പ്ലീസ് ബി കൂൾ താങ്കൾക്ക് ഇവിടെ

അഡ്മിഷൻ ലഭിക്കും , കൺഗ്രാഡ്സ് .അവന് വളരെ സന്തോഷമായി. അവൻ പതുക്കെ ചുണ്ടിലെ ചിരി മായാതെ വോളിബോൾ കോർട്ടിലേക്ക് നീങ്ങി.അവന്റ കണ്ണ് ഒരു സുന്ദരിയിൽ കുടുങ്ങി. അവളുടെ സൗന്ദര്യത്തിൽ അവന്റ കണ്ണുകുടുങ്ങി. വളരെ നന്നായി അവർ വോളിബോൾ കളിക്കുന്നുണ്ടായിരുന്നു.അവന് ആദ്യനോട്ടത്തിൽ തന്നെ അവളോട് ക്രഷ് തോന്നി. അവളുടെ വോളിബോൾ കളികഴിഞ്ഞ് അവൾകോർട്ടിന്റെ പുറത്തേക്ക് നീങ്ങി. അവന്റെ ചുണ്ടുക്കൾ മന്ത്രിച്ചു അവളോട് മിണ്ടാനായി. ചിന്തയിലുടക്കി അവൻ നിന്നപ്പോഴേക്കും അവൾ അവന്റ കണ്ണുക്കളിൽ നിന്ന് മറഞ്ഞിരുന്നു. അവന് വളരെ സങ്കടമായി.അവൾക്ക് ലഗ്സ് കാൻ സറാണ് .

അവൾ അതിനെ അതിജീവിച്ചു.

# ഭൂമിയുടെ അതിജീവനം

***ദേവദത്ത. എസ്***

അവർ അവളെ തുറിച്ചു നോക്കികൊണ്ടിരുന്നു.അവളുടെ കണ്ണുകൾ രുതിര വർണമായിരുവ്ടങ്ങാതെ ദാഹമകലാതെ വീണ്ടും വീണ്ടും.... പ്രത്യക്ഷത്തിൽ അവൾ ദേവി

അതെ,അവൾ അമ്മ....

അവൾ പെണ്ണ്.ജന്മം നൽകുന്നൾ.സർവം സഹിക്കുന്നവൾ....

എല്ലാവരും അവർക്ക് ജീവൻ നൽകി അവൾക്ക് നാം നൽകി അവൾക്ക് നൽകാത്തതായി....ഒന്നുമില്ല വേദനയും....അവൾക്ക് ലക്ഷകണക്കിന് മക്കളുണ്ട്....അതിൽ അവൾ സന്തോഷവതിയായിരുന്നു.എന്നത്തെയും പോലെ അന്നും അവൾ

സ്വയം കറങ്ങുകയായിരുന്നു....സൂര്യരശ്മികൾ തരുന്ന ചൂടിനെ അവൾക്ക് സഹിക്കാനാകുമായിരുന്നു.ഇല്ലെങ്കിൽ സഹിക്കുമായിരുന്നു തന്റെ മകൾക്ക് വേണ്ടി അവൾ എന്തും സഹിക്കുമായിരുന്നു.

"അതേയ് ഭൂമി ദേവി.എന്തൊക്കെയുണ്ട് പുതിയ വിശേഷങ്ങൾ"

"എന്താടോ ചന്ദ്രാ താനും ഇപ്പോൾ എന്നെ ദേവിയാക്കിയോ"

"പിന്നെ ലക്ഷക്കണക്കിന് മക്കളുടെ അമ്മ അല്ലെ അവിടുന്ന്.

എന്തൊരു സന്തൊഷമാ ഭ്രമിയിൽ.അവിടുന്ന് ഭാഗ്യവതി തന്നെ"

"അതെ,അതെ"ഭ്രമി സന്തോഷത്തോടെ പറയുന്നു.

"എന്റെയടുത്തേയ്ക്കുകൂടി അയയ്ക്കുമോ ദേവിയുടെ മക്കളെ"

"അവർ അതൊക്കെ പ്ലാൻ ചെയ്യുന്നുണ്ട് കേട്ടോ.ഒരുനാൾ അങ്ങോട്ടേയ്ക്ക് തന്നെ വരും."

അങ്ങനെ ഭ്രമിയും ചന്ദ്രനും തമ്മിലുള്ള സൗഹൃദം വർഷങ്ങളോളം കടന്നു പോയി.

പക്ഷേ പഴയ ഭൂമി അല്ല ഇപ്പോൾ അവളുടെ രൂപവും മട്ടും ഭാവവും.

എല്ലാം അപ്പാടെ മാറി കഴിഞ്ഞു പണ്ട് എപ്പോഴും സന്തോഷത്തിൽ മാത്രം നിന്ന അവളുടെ കണ്ണിൽ വിഷാദ കെട്ടികിടക്കുന്നു.

" ഭൂമി ദേവി, ഭൂമി ദേവി അവിടുത്തെ അവസ്ഥ എനിക്ക് സഹിക്കാനാകുന്നില്ല"

"പക്ഷേ എനിക്ക് സഹിക്കാൻ കഴിയും ചന്ദ്രാ...കാരണം ഞാൻ സർവ്വം സഹിക്കുന്നവളല്ലോ...



ജി വി എച്ച് എസ് എസ് ഞെക്കാട്

ഭ്രമിയുടെ വാക്കുകൾ ഇടറി പോകുന്ന എനിക്കിപ്പോ വല്ലാത്ത ശ്വാസം മുട്ടലാണെടോ എല്ലായിടത്തും പുകയല്ലേ.... സഹിക്കാൻ പറ്റുന്നില്ല..

ദേവീ അങ്ങയുടെ മക്കൾ സ്വന്തം സഹോദരങ്ങളെ ദ്രോഹിക്കുന്നു. സ്വന്തം അമ്മയുടെ ഗർഭപാത്രമായ പ്രകൃതിയെചവിട്ടി മെതിക്കുന്നു. അങ്ങയെ നശിപ്പിക്കാൻ ശ്രമിക്കുന്ന മക്കൾ തെറ്റ ചെയുമ്പോൾ മാതാപിതാക്കൾ ശിക്ഷിക്കില്ല എന്തുകൊണ്ട് അങ്ങ് അത് ചെയ്യുന്നില്ല..

നീ ഒന്ന് സൂക്ഷിച്ചോ ചന്ദ്രാ അവരുടെ അടുത്ത് ലക്ഷ്യം നീയാണ്. എൻെ അന്ത്യ മടുക്കുമ്പോൾ അവർ നിന്നെ സംഹരിക്കാനായി എത്തും.
അവർ എന്നിലേക്ക് എത്തിക്കോട്ടേ പക്ഷെ അത് ദേവിയെ നശിപ്പിച്ചു കൊണ്ടാകരുത്.

# തുടിക്കുന്ന നന്മ തിന്മയിലേക്കുള്ള കാൽവെയ്പ്പോ?....

കവിത

പൂജ. എസ്സ9H

തേനൊഴകും ആത്മരാഗത്തിൽ
നന്മയായി ഒഴകും ആ
രണ്യപൂഞ്ചോലകൾ ....
.
നിഗൂഢമാം
തിന്മകൾക്കിടയിലും
കാനനത്തിൽ നന്മ
മരതകമണിയുന്ന .....



കുയിൽതൻ ഗാനത്തിൻ മൂളുന്ന തെന്നൽ

ധരണിയാം നന്മകൾ നൃത്തമാടുന്നു .....

ലോകത്തിൻ നന്മകൾ ഞാനറിയാതൊഴുകുന്നു

ധരണിതൻ വെളിച്ചം ഞാനറിയാതെ നിലയ്ക്കുന്നു .....

കാടിൻ മരതകം ഇരുട്ടായി മാറുന്നു

നീ എൻ ലോകത്തിൻ നന്മയെ

ഞാനറിയതെ പൊഴിച്ചു .....

# നന്ദി......